**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം, പിൻ- 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/20303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

നമ്പർ: എം.എസ്സ്.എ 3- 86214/2019/ആ.വ.ഡ. തീയതി: 25.11.2019

# സർക്കുലർ

വിഷയം:- ആ.വ.ഡ- ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്ന വിതരണം സംബന്ധിച്ച പ്രായോഗിക വിഷയങ്ങൾ അറിയിക്കുന്നതിനായുള്ള ഫാർമസിസ്റ്റുകളുടെ പ്രതിമാസ സമ്മേളനം ഉറപ്പാക്കുന്നത് - നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- കത്ത് നം. കെ.എം.എസ്സ്.സി.എൽ/ഡി.ആർ.ജി/ഇ.ഡി/265/2019. തീയതി: 22.10.2019.

ഫാർമസി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ മാസവും **എട്ടാം** പ്രവർത്തി ദിവസം ജില്ല മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ചർച്ച നടത്തി തീരുമാനങ്ങൾ അറിയിക്കേണ്ടതാണ്. ചുവടെ ചേർക്കുന്ന വിഷയങ്ങൾ പ്രധാനമായും ചർച്ചയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ.
2. ഡി.ഡി.എം.എസ്സ് സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യൽ.
3. ഉപഭോഗം കുറവുള്ള മരുന്നുകളുടെ വിശദാംശങ്ങൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുകയും ടി മരുന്നുകൾ ആവശ്യമായ മറ്റ് സ്ഥാപനങ്ങളിൽ യഥാസമയം ലഭ്യമാക്കുക.
4. പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിവരങ്ങൾ പങ്കുവെയ്ക്കൽ.
5. മരുന്ന സംഭരണ വിതരണവുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ
6. ജില്ലകളിൽ പുതുതായി നിയമിതരാകുന്ന ഫാർമസിസ്റ്റ് ഗ്രേഡ്-2 ജീവനക്കാർക്ക് സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ സ്റ്റോർ മാനേജ്മെന്റ്, പേഷ്യന്റ് കൗൺസിലിംഗ്, ഇൻഡന്റ് തയ്യാറാക്കൽ, ഡി.ഡി.എം.എസ്സ് അപ്ഡേഷൻ, ഡ്യൂട്ടീസ് ആന്റ് റെസ്പോൺസിബിലിറ്റീസ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും ആരോഗ്യവകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ ഫാർമസിസ്റ്റുകളെ കൂടി ഉൾപ്പെടുത്തേണ്ടതും ആണ്.

എന്നാൽ പ്രസ്തുത മീറ്റിംഗ് പല ജില്ലകളിലും ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല. സൗജന്യ മരുന്ന വിതരണവുമായി ബന്ധപ്പെട്ട് കീഴ്ഘടക സ്ഥാപനങ്ങൾ നേരിടുന്ന പ്രയോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും, മരുന്ന വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വിതരണം മന്ദഗതിയിലായ മരുന്നുകൾ (Slow Moving Drugs) ആവശ്യമുള്ള സ്ഥാപനങ്ങളിലേയ്ക്ക് യഥാസമയം പുനർവിതരണം നടത്തുന്നതിനുമായി ജില്ല മെഡിക്കൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ കീഴ്ഘടക സ്ഥാപനങ്ങളിലെ ഫാർമസിസ്റ്റുകളുടെ ഓരോമാസവും നടത്തേണ്ടതായ യോഗം കൃത്യമായും, ഫലപ്രദമായും നടത്തേണ്ടതും, ആയതിന്റെ റിപ്പോർട്ട് എല്ലാമാസവും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

(ഒപ്പ്)

ഡോ. സരിത. ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

**സ്വീകർത്താവ്**

ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/
എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/
വയനാട്/കാസർഗോഡ്.

**പകർപ്പ്**

1. സി.എ. ടു ആരോഗ്യവകുപ്പ് ഡയറക്ടർ
2. മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്.
3. സി.എ. ടു അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)
4. സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ
5. ഫയൽ/കരുതൽ ഫയൽ

/ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്